കലുങ്ക് പൊളിച്ചുനീക്കാൻ ഉദ്യോഗസ്ഥർ; പ്രതിഷേധവുമായി നാട്ടുകാർ

വെള്ളരിക്കുണ്ട് സബ്ട്രഷറി ജംഗ്ഷനിലെ കലുങ്ക് പൊളിച്ചുമാറ്റാൻ ഹൈക്കോടതി ഉത്തരവ്

വെള്ളരിക്കുണ്ട്: റോഡ് നിർമാണത്തിനിടെ പൊതുമരാമത്ത് വകുപ്പ് കലുങ്ക് നിർമിച്ചത് സ്വകാര്യവ്യക്തിയുടെ സ്ഥലം കൈയേറിയാണെന്ന പരാതിയിൽ ചെറുപുഴ - ഒടയംചാൽ റോഡിലെ വെള്ളരിക്കുണ്ട് സബ്ട്രഷറി ജംഗ്ഷനിലെ കലുങ്ക് പൊളിച്ചുമാറ്റാൻ ഹൈക്കോടതി ഉത്തരവ്. കലുങ്ക് പൊളിച്ചുമാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി ചൊവ്വാഴ്ച രാവിലെ വെള്ളരിക്കുണ്ടിൽ എത്തിയ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനിയർ രസ്നൽ അലി, അസി.എക്സിക്യൂട്ടീവ് എൻജിനിയർ ഫ്രാൻസിസ് ജോർജ്, അസി.എൻജിനിയർ അടക്കമുള്ള ഉദ്യോഗസ്ഥരെ ജനപ്രതിനിധികൾ അടക്കമുള്ള നാട്ടുകാർ പ്രതിഷേധം അറിയിച്ചു.

നിരവധി വാഹനങ്ങൾ ഓടുന്ന പ്രധാന റോഡ് ആയ ചെറുപുഴ - ഒടയംചാൽ റോഡിലെ കലുങ്ക് പൊളിച്ചുമാറ്റാൻ അനുവദിക്കില്ലെന്നും കയ്യേറ്റക്കാരെയും നിയമങ്ങൾ ലംഘിച്ചുകൊണ്ട് കെട്ടിടനിർമാണപ്രവർത്തനങ്ങൾ നടത്തുന്നവർക്ക് എതിരെയും ശക്തമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർ ആർജവം കാണിക്കണമെന്നും ആവശ്യപ്പെട്ട് സർവകക്ഷി യോഗംചേർന്നു.

വെള്ളരിക്കുണ്ട് സബ്ട്രഷറി ജംഗ്ഷനു സമീപത്തെ കലുങ്ക് പൊളിക്കാനെത്തിയ പൊതുമരാമത്ത് ഉദ്യോഗസ്ഥരോട് ബ്ലോക്ക് പഞ്ചായത്തംഗം ഷോബി ജോസഫ് സംസാരിക്കുന്നു.

കാലാകാലങ്ങളായി മഴക്കാലത്ത് വെള്ളം ഒഴുകിയിരുന്ന സബ് ട്രഷറി ജംഗ്ഷനിലെ കലുങ്ക് റോഡ് നവീകരണത്തിനിടെ തന്റെ സ്ഥലം കൈയേറി ഗതിമാറ്റി നിർമിച്ചതാണെന്നും ആകെയുള്ള ഭൂമി തിരികെ ലഭിക്കാൻ കലുങ്ക് പൊളിച്ചു മാറ്റി വെള്ളം മറ്റൊരു വഴി ഒഴുക്കിവിടണമെന്നും കാണിച്ച് മാലോം സ്വദേശി മൈലാടൂർ അലക്സാണ്ടറാണ് ഹൈക്കോടതിയെ സമീപിച്ചത്.

മുൻപ് വെള്ളം ഒഴുകിയ കലുങ്ക് സ്വകാര്യവ്യക്തിയുടെ താൽപര്യാർഥം റോഡ് നവീകരണത്തിനിടെ അന്നത്തെ വകുപ്പ് ഉദ്യോഗസ്ഥർ ഗതിമാറ്റി നിർമിച്ചതാണെന്നാണ് പരാതിക്കാരൻ ഹൈക്കോടതിയിൽ ഉന്നയിച്ചത്. എന്നാൽ കലുങ്ക് പൊളിച്ചു മാറ്റണമെന്ന ഹൈക്കോടതിയുടെ സുപ്രധാനവിധി വരുന്നതിന് മുൻപ് ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു ചർച്ചപോലും പഞ്ചായത്ത് തലത്തിലോ പ്രാദേശിക തലത്തിലോ നടന്നില്ല. ഇത് ഉദ്യോഗസ്ഥരുടെയും പരാതിക്കാരന്റെയും ഒത്തു കളി ആണെന്നും ആരോപണമുണ്ട്.

സർവകക്ഷി യോഗത്തിൽ ബ്ലോക്ക് പഞ്ചായത്തംഗം ഷോബി ജോസഫ് അധ്യക്ഷതവഹിച്ചു.

പൗരസമിതി കോഓർഡിനേറ്റർ ജോർജ് തോമസ്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ ചന്ദ്രൻ വിളയിൽ, ബാബു കോഹിനൂർ, എ.സി.എ.ലത്തീഫ്, പി.കെ.സുമേഷ്, വാർഡ് മെമ്പർ കെ.ആർ.വിനു, വ്യാപാരി വ്യവസായി ഏകോപന സമിതി യൂണിറ്റ് പ്രസിഡന്റ് തോമസ് ചെറിയാൻ, ജിമ്മി എടപ്പാടി, ബാബു കല്ലറക്കൽ, ജിജി കുന്നപ്പള്ളി എന്നിവർ പ്രസംഗിച്ചു.

40 വർഷത്തിനിപ്പുറവും ചെമ്മൺപാതയായി വെള്ളച്ചേരി-തലക്കാനം റോഡ്

അമ്പലത്തറ: ആകെ 300 മീറ്ററോളം മാത്രം നീളം വരുന്ന ഒരു ചെമ്മൺപാത. നിർമിച്ചിട്ട് ഏതാണ്ട് 40 വർഷമായിട്ടും അത് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനോട് ചേർന്നു കിടക്കുന്ന 350 മീറ്റർ ഭാഗം ടാർ ചെയ്തത് കഷ്ടിച്ച് മൂന്നുവർഷം മുമ്പ്.

സിപിഎം കോട്ടയായ മടിക്കൈ പഞ്ചായത്തിലെ രണ്ടാം വാർഡിൽ വെള്ളച്ചേരി-കാരാക്കോട് റോഡിൽ നിന്നും തലക്കാനത്തേക്കുള്ള റോഡാണ് ഇപ്പോഴും ചെമ്മൺപാതയായി തുടരുന്നത്. തലമുറകളായി കാത്തിരുന്നു മടുത്ത നാട്ടുകാർ എന്തിനീ അവഗണന എന്ന ചോദ്യവുമായി ഒടുവിൽ പഞ്ചായത്തിനെതിരായി ബാനർ കെട്ടിയിരിക്കുകയാണ്.

ചെമ്മൺപാതയായി തുടരുന്ന വെള്ളച്ചേരി-തലക്കാനം റോഡിന് സമീപം നാട്ടുകാർ ബാനർ കെട്ടിയ നിലയിൽ.

ഒരു റോഡിനോടും പ്രത്യേകിച്ച് അവഗണനയൊന്നുമില്ലെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടാറിംഗ് നടത്തുമെന്നുമാണ് വാർഡ് അംഗത്തിന്റെ വിശദീകരണം. എന്നാൽ 40 വർഷമായിട്ടും ഒരു 300 മീറ്റർ റോഡ് ടാർ ചെയ്യാനുള്ള ഫണ്ട് പോലും ലഭ്യമാകുന്നില്ലേയെന്ന് നാട്ടുകാർ ചോദിക്കുന്നു.

റോഡിന്റെ ആദ്യഭാഗത്തിന്റെ ടാറിംഗ് നടന്ന സമയത്ത് ഇവിടെയും കിളച്ചുവച്ചത് നാട്ടുകാരിൽ പ്രതീക്ഷ വളർത്തിയിരുന്നു. എന്നാൽ മഴക്കാലമായപ്പോൾ ഉള്ള ചെമ്മൺപാത കൂടി ചെളിക്കുളമാകാനേ അത് ഉപകരിച്ചുള്ളൂ.

ഈ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ കാരാക്കോട്, വെള്ളച്ചേരി, തലക്കാനം ഭാഗങ്ങളിൽ നിന്ന് മടിക്കൈ മാടം വഴി രണ്ടു കിലോമീറ്ററോളം കുറഞ്ഞ ദൂരത്തിൽ കാഞ്ഞങ്ങാട്ടെത്താൻ വഴി തെളിയും. മുമ്പേ ടാർ ചെയ്തിരുന്നെങ്കിൽ ഇപ്പോൾ ഇതുവഴി ബസ് സർവീസുകൾ പോലും ഉണ്ടാകേണ്ടതായിരുന്നു. അതിനി പറഞ്ഞിട്ട് കാര്യമില്ലെങ്കിലും ഇനിയെങ്കിലും ടാർ ചെയ്ത് തരുമോയെന്നാണ് നാട്ടുകാരുടെ ചോദ്യം.

കുടുംബൂർ ജിറ്റിഡബ്ല്യുഎൽപി സ്കൂളിലേക്കുള്ള റോഡരിക് ഇടിഞ്ഞ് അപകടാവസ്ഥയിൽ.

കുടുംബൂർ സ്കൂളിലേക്കുള്ള റോഡ് അപകടാവസ്ഥയിൽ

രാജപുരം: കള്ളാർ പഞ്ചായത്തിലെ ഒന്നാം വാർഡിലെ കുടുംബൂർ പാലത്തിൽ നിന്നും കുടുംബൂർ ജിറ്റിഡബ്ല്യുഎൽപി സ്കൂളിലേക്ക് പോകുന്ന റോഡ് അപകടാവസ്ഥയിൽ. റോഡ് അരിക് മഴവെള്ളപ്പാച്ചിലിൽ ഇടിഞ്ഞ് കൊണ്ടിരിക്കുകയാണ്. സ്കൂൾ കുട്ടികളുടെ വാഹനമടക്കം നിരവധി വാഹനങ്ങളാണ് ദിവസേന ഇതുവഴി കടന്നുപോകുന്നത്. ഈ റോഡിന് വീതി കുറവായതിനാൽ എതിർദിശയിൽ നിന്നു വരുന്ന വാഹനത്തിന് കടന്നുപോകാൻ വളരെ പ്രയാസമാണ്. റോഡിൽ ഓവുചാൽ ഇല്ലാത്തതു മൂലം മഴവെള്ളം മുഴുവനായും റോഡിലൂടെയാണ് ഒലിച്ചു വരുന്നത്.

ഇനിയും റോഡ് അരികിൽ ഇടിയുന്നത് തുടർന്നാൽ കാൽനടയായി സ്കൂളിൽ പോകുന്ന കുട്ടികൾക്ക് അടക്കം അപകടമായിത്തീരുമെന്നും എത്രയും പെട്ടെന്ന് റോഡ് നന്നാക്കാനുള്ള നടപടി അധികൃതർ സ്വീകരിക്കണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

പണമനുവദിച്ചിട്ടും ശരിയാകാതെ എണ്ണപ്പാറ-മുരിക്കീർ-കരിയം റോഡ്

എണ്ണപ്പാറ: ടാറിംഗ് പാടേ ഇളകി തകർന്നുകിടക്കുന്ന എണ്ണപ്പാറ-മുരിക്കീർ-കരിയം റോഡിന്റെ നവീകരണത്തിനും ജില്ലാ പഞ്ചായത്തിന്റെ മെക്കാഡം റോഡുമായി ചേരുന്ന ഭാഗത്തെ കലുങ്ക് നിർമാണത്തിനുമായി പഞ്ചായത്ത് ഒമ്പതു ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തി തുടങ്ങിയിട്ട് മാസങ്ങളായി.

റോഡിന്റെ വീതിയേക്കാൾ നാലു മീറ്ററോളം അധിക വീതിയിൽ കലുങ്ക് നിർമിച്ചപ്പോൾ അനുവദിച്ച ഫണ്ടിൽ ഏറെയും അതിൽതന്നെ തീർന്നു. റോഡ് ഇപ്പോഴും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു.കരിയം ഭാഗത്ത് റോഡ് പാടേ തകർന്നുകിടക്കുകയാണ്.

ഇനി ഏഴു ലക്ഷത്തിന്റെ അനുബന്ധ പദ്ധതി കൂടി വരാനുണ്ടെന്നും അതോടെ റോഡിന്റെ അറ്റകുറ്റപ്പണിയും നവീകരണവും പൂർത്തിയാകുമെന്നുമാണ് ഇപ്പോൾ പഞ്ചായത്ത് അധികൃതരുടെ വിശദീകരണം.

ആദ്യം കിട്ടിയ ഫണ്ടെല്ലാം കലുങ്ക് നിർമാണത്തിനുപയോഗിക്കുന്നതിനു പകരം പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന റോഡ് ഗതാഗതയോഗ്യമാക്കുകയല്ലേ ചെയ്യേണ്ടിയിരുന്നതെന്ന് നാട്ടുകാരും ഓട്ടോ ഡ്രൈവർമാരും ചോദിക്കുന്നു. ഇനി എന്തായാലും അടുത്ത ഫണ്ട് കിട്ടി പണി തുടങ്ങാൻ മഴക്കാലം കഴിയുന്നതു വരെ കാത്തിരിക്കാനാണ് നാട്ടുകാരുടെ വിധി.

പാടേ തകർന്നുകിടക്കുന്ന എണ്ണപ്പാറ-മുരിക്കീർ-കരിയം റോഡ്.

അധ്യാപക ഒഴിവ്

തൃക്കരിപ്പൂർ: ഗവ.പോളിടെക്നിക്ക് കോളജിൽ ബയോമെഡിക്കൽ, കമ്പ്യൂട്ടർ, മെക്കാനിക്കൽ, ബിസിനസ് മാനേജ്മെന്റ്, ഫിസിക്സ്, മാത്തമാറ്റിക്സ് വിഷയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക അധ്യാപക നിയമനം നടത്തുന്നു.

നാളെ ബയോമെഡിക്കൽ, ബിസിനസ് മാനേജ്മെന്റ് വിഷയങ്ങളിലും 28നു കമ്പ്യൂട്ടർ, മെക്കാനിക്കൽ വിഷയങ്ങളിലും ജൂലൈ രണ്ടിന് ഫിസിക്സ്, മൂന്നിന് മാത്തമാറ്റിക്സ് വിഷയങ്ങളുടെ ഒഴിവുകളിലേക്കും കൂടിക്കാഴ്ച നടക്കും. യോഗ്യരായ ഉദ്യോഗാർഥികൾ അതാതു ദിവസങ്ങളിൽ രാവിലെ 10 നകം കോളജിൽ ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0467-2211400, 9995145988.

ഇരിയണ്ണി: ജിവിഎച്ച്എസ്എസിൽ വിഎച്ച്എസ്ഇ വിഭാഗത്തിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) വിഷയത്തിൽ താത്കാലിക നിയമനം നടത്തുന്നു. കൂടിക്കാഴ്ച നാളെ രാവിലെ 11ന്.

ബേക്കൂർ: ജിഎച്ച്എസ്എസിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ഇക്കണോമിക്സ് (സീനിയർ) അധ്യാപക ഒഴിവുണ്ട്. അഭിമുഖം 28നു രാവിലെ 10ന്.

കാസർഗോഡ്: ഗവ.സ്പെഷൽ ടീച്ചർ ട്രെയിനിംഗ് സെന്ററിലെ നിലവിലുള്ള ഫാക്കൽറ്റി ഇൻ സ്പെഷൽ എഡ്യുക്കേഷൻ ഫാക്കൽറ്റി ഇൻ സൈക്കോളജി എന്ന തസ്തികയിലേക്കുള്ള ഒഴിവിലേക്ക് 28നു രാവിലെ 10നു കാസർഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ കൂടിക്കാഴ്ച നടത്തും. ഫോൺ: 8606236253.

സാഗർമിത്ര ഒഴിവ്

കാഞ്ഞങ്ങാട്: ജില്ലയിൽ ഒരു സാഗർമിത്രയെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർഥികൾ ജൂലൈ മൂന്നിന് രാവിലെ 11നു കാഞ്ഞങ്ങാട്ടെ ജില്ല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിൽ നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. ഫോൺ: 04672 202537.

ചെറുവത്തൂരിൽ ഇന്നുമുതൽ ട്രാഫിക് പരിഷ്കരണം

ചെറുവത്തൂർ: ദേശീയപാതാ നവീകരണ ഭാഗമായി ഗതാഗതം തിരിച്ചു വിട്ട് ടൗണിൽ ഇന്ന് മുതൽ പുതിയ ട്രാഫിക് പരിഷ്കാരം. ഗതാഗത കുരുക്കും അപകടങ്ങളും പതിവാകുന്നത് ചൂണ്ടിക്കാട്ടി വ്യാപാരികളും ജനപ്രതിനിധികളും ജില്ലാ ഭരണകൂടത്തിനും പോലീസിനും നൽകിയ പരാതിയിലാണ് നടപടി. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത യോഗത്തിലാണ് തീരുമാനം.

ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ ചന്തേര എസ്ഐ കെ.സുരേശൻ സംസാരിക്കുന്നു.

ടൗണിലെത്തുന്ന ബസുകളടക്കമുള്ള വാഹനങ്ങൾക്ക് പുതിയ യാത്രാ നിയന്ത്രണമേർപ്പെടുത്തിയാണ് ട്രാഫിക് പരിഷ്കരണം നടപ്പാക്കുന്നത്. നീലേശ്വരം ഭാഗത്തു നിന്ന് വരുന്ന ബസുകൾ പഴയ ദേശീയപാത വഴി സ്റ്റാൻഡിന്റെ കിഴക്കേ കവാടത്തിൽ കൂടി അകത്ത് കടന്ന് പടിഞ്ഞാറ് ഭാഗത്ത് പാർക്ക് ചെയ്യണം. തൃക്കരിപ്പൂർ, പയ്യന്നൂർ ഭാഗങ്ങളിൽ നിന്നുള്ള ബസുകൾ പഞ്ചായത്ത് കാര്യാലയത്തിന്റെ മുന്നിലൂടെ വന്ന് സ്റ്റാൻഡിന്റെ കിഴക്ക് ഭാഗത്തുകൂടി അകത്ത് കടന്ന് പാക്കനാർ ടാക്കീസിന്റെ പരിസരത്തുള്ള കവാടം വഴി പഴയ ദേശീയ പാതയിൽ പ്രവേശിച്ച് വടക്കോട്ട് പോകണം. ചീമേനി ഭാഗത്തുനിന്നുള്ള ബസുകൾ കിഴക്കുഭാഗത്തെ കവാടം വഴി പ്രവേശിച്ച് പാക്കനാർ ടാക്കീസിന്റെ പരിസര കവാടം വഴി ചീമേനി ഭാഗത്തേക്ക് തിരിച്ചുപോകണം. പടന്ന, മടക്കര തൃക്കരിപ്പൂർ ഭാഗത്തുനിന്നുള്ള ബസുകൾ കിഴക്കുഭാഗത്തുകൂടി പ്രവേശിച്ച് പടിഞ്ഞാറു വശത്തുകൂടി പുറത്തു കടക്കണം.

ബസ് സ്റ്റാൻഡിന്റെ പ്രവേശന കവാടങ്ങളിൽ സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് കർശനമായും നിരോധിക്കും. യോഗത്തിൽ പഞ്ചായത്ത് അധികൃതർ, മോട്ടോർ വാഹന ഉദ്യോഗസ്ഥർ, വ്യാപാരി നേതാക്കൾ, ബസ് ഉടമകളുടെ സംഘടനാ പ്രതിനിധികൾ, പോലീസ് തുടങ്ങി വിവിധ തലങ്ങളിലുള്ളവർ പങ്കെടുത്തു.

ചെറുവത്തൂർ ടൗണിൽ പോലീസ് ഔട്ട് പോസ്റ്റ് അനുവദിക്കുന്നതിനും പഴയ ദേശീയപാത ചെറുവത്തൂർ കൊവ്വൽ പള്ളി മുതൽ പിലിക്കോട് മട്ടലായി വരെ പുനഃസ്ഥാപിക്കുന്നതിനും വേണ്ടി സർക്കാരിന് നിവേദനം നൽകാനും യോഗത്തിൽ പങ്കെടുത്ത വിവിധ സംഘടനകൾ ആവശ്യപ്പെട്ടു.

മഴയിൽ വ്യാപക നാശനഷ്ടം

പെരുമ്പട്ട: ശക്തമായ മഴയോടൊപ്പം മരങ്ങൾ വീണും മണ്ണിടിഞ്ഞും വ്യാപക നാശനഷ്ടം. പെരുമ്പട്ട പാലത്തിന് സമീപം മൗലാക്കിരിയത്ത് ഖദീജയുടെ വീടിന് പിറകിൽ മണ്ണിടിച്ചിലിൽ കുഴൽ കിണറിന് കേടുപാടുകൾ സംഭവിച്ചു.

പെരുമ്പട്ട പാടാർകുളങ്ങര ക്ഷേത്രത്തിന് സമീപം മണ്ണിടിച്ചിലിൽ വലിയ കല്ലുകൾ ഇളകിവീണ് വൈദ്യുതി തൂണിനും ഓവുചാലിനും കേടുപാടുകളുണ്ടായി. ആമ്പിലേരി ചപ്പാത്ത് പാലത്തിനരികെ റബർ മരം റോഡിന് കുറുകെ വീണ് ഗതാഗത തടസമുണ്ടായി. നാട്ടുകാർ ചേർന്ന് മരം വെട്ടി മാറ്റി ഗതാഗതതടസം ഒഴിവാക്കുകയായിരുന്നു.

പെരുമ്പട്ട പാടാർകുളങ്ങര ക്ഷേത്രത്തിന് സമീപം മണ്ണിടിച്ചിലിൽ വൈദ്യുതതൂണിനും ഓവുചാലിനും കേടുപാടുകൾ സംഭവിച്ചപ്പോൾ.

മണ്ണിടിഞ്ഞുവീണ് പെരുമ്പട്ടയിലെ ഖദീജയുടെ കുഴൽ കിണറിന് കേടുപാടുകൾ സംഭവിച്ചപ്പോൾ.

വീട് കുത്തിതുറന്ന് സ്വർണവും പണവും ഇലക്ട്രോണിക്സ് ഉപകരണങ്ങളും കവർന്നു

ഉപ്പള: വീട് കുത്തിതുറന്ന് സ്വർണവും പണവും ഇലക്ട്രോണിക്സ് ഉപകരണങ്ങളും കവർന്നു. പ്രവാസിയായ പത്വാടിയിലെ അബ്ദുല്ലയുടെ വീട്ടിലാണ് കവർച്ച നടന്നത്. തിങ്കളാഴ്ച രാത്രി വീടിന്റെ അടുക്കള ഭാഗത്തെ ഗേറ്റ് തകർത്താണ് മോഷ്ടാക്കൾ അകത്തുകടന്നത്.

അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണാഭരണങ്ങളും പണവും കവർന്ന ശേഷം ഒന്നരലക്ഷം രൂപ വില വരുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങളുമായാണ് മോഷ്ടാക്കൾ കടന്നുകളഞ്ഞത്.

അബ്ദുല്ല പ്രവാസജീവിതം മതിയാക്കി നാട്ടിൽ വ്യാപാരം തുടങ്ങുന്നതിനാണ് ഗൾഫിൽ നിന്ന് ഇലകട്രോണിക്സ് ഉപകരണങ്ങൾ കൊണ്ടുവന്നത്.വീട്ടിലെ സിസിടിവി കാമറകൾ തുണികൊണ്ട് മൂടിയ നിലയിലാണ്.

സിസിടിവിയുടെ ഹാർഡ് ഡിസ്ക്കും മറ്റും കവർച്ചക്കാർ അടർത്തി മാറ്റി കൊണ്ടുപോയി. മഞ്ചേശ്വരം പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

നിർമലഗിരി സ്കൂളിൽ ഇംഗ്ലീഷ് കോർണർ

വെള്ളരിക്കുണ്ട്: നിർമലഗിരി എൽപി സ്കൂളിൽ 'സ്പാർക്ക് 24' എന്ന പേരിൽ ഇംഗ്ലീഷ് കോർണർ ആരംഭിച്ചു. സെന്റ് ജൂഡ്സ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ മെർലിൻ എസ്എബിഎസ് ഉദ്ഘാടനം ചെയ്തു.

ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇംഗ്ലീഷ് അസംബ്ലി, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, ഗെയിംസ്, ന്യൂസ് റീഡിംഗ്, റൈംസ് ആൻഡ് ആക്ഷൻ സോംഗ്സ്, സ്റ്റോറി ടെല്ലിംഗ്,റീഡിംഗ് ആൻഡ് റൈറ്റിംഗ് കോമ്പറ്റീഷൻ തുടങ്ങിയ വിവിധ കർമപദ്ധതികൾ നടപ്പാക്കും.

വെള്ളരിക്കുണ്ട് നിർമലഗിരി എൽപി സ്കൂളിൽ ഇംഗ്ലീഷ് കോർണർ സെന്റ് ജൂഡ്സ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ മെർലിൻ എസ്എബിഎസ് ഉദ്ഘാടനം ചെയ്യുന്നു.

മാലോത്ത് കസബ ജിഎച്ച്എസ്എസിലെ പ്ലസ് വൺ പ്രവേശനോത്സവം ജില്ലാ പഞ്ചായത്തംഗം ജോമോൻ ജോസ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.

ദേശീയ സേവാ ധാർമിക് പുരസ്കാര നിറവിൽ ന്യൂ മലബാർ പുനരധിവാസകേന്ദ്രം

കാഞ്ഞങ്ങാട്: തെലങ്കാന ആസ്ഥാനമായ ലതാ രാജാ ഫൗണ്ടേഷൻ നിസ്വാർഥ സേവനത്തിനായി ഏർപ്പെടുത്തിയ സേവാ ധാർമിക് പുരസ്കാരം മടിക്കൈ മലപ്പച്ചേരിയിലെ ന്യൂ മലബാർ പുനരധിവാസ കേന്ദ്ര ചാരിറ്റബിൾ ട്രസ്റ്റ് ഏറ്റുവാങ്ങി. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം തെലങ്കാന സംഘറെഡ്ഡി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വൈസ്ചെയർമാൻ മനു ചാക്കോ, ട്രസ്റ്റ് മെമ്പർ സുസ്മിത ചാക്കോ എന്നിവർ ഏറ്റുവാങ്ങി.

ഈശ്വരിഭായ് മെമ്മോറിയൽ ട്രസ്റ്റ് ചെയർപേഴ്സൺ ഡോ. ജെ.ഗീത റെഡ്ഡി, ജില്ലാ കളക്ടർ ക്രാന്തി വള്ളുരു, എംഎൻആർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ എം.രാജു, ബാലലത മല്ലവരപു എന്നിവർ ചടങ്ങിൽ പങ്കെടുത്തു. രാജസ്ഥാനിലെ നാരായൺ സേവാ സസ്താൻ, ആന്ധ്രാപ്രദേശിലെ ഹീൽ, ഹൈദരാബാദിലെ ആനന്ദവിദ്യാർഥി ഗൃഹ എന്നീ സ്ഥാപനങ്ങളും പുരസ്കാരത്തിന് അർഹരായി. അവാർഡ് ന്യൂ മലബാർ പുനരധിവാസകേന്ദ്രം സ്ഥാപകൻ പരേതനായ എം.എം.ചാക്കോയ്ക്കും ഷീല ചാക്കോയ്ക്കും സമർപ്പിക്കുന്നതായി സുസ്മിത ചാക്കോ അറിയിച്ചു.

ദേശീയ സേവാ ധാർമിക് പുരസ്കാരം മലപ്പച്ചേരി ന്യൂ മലബാർ പുനരധിവാസ കേന്ദ്ര ചാരിറ്റബിൾ ട്രസ്റ്റ് വൈസ്ചെയർമാൻ മനു ചാക്കോ, ട്രസ്റ്റ് മെമ്പർ സുസ്മിത ചാക്കോ എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.

മാർക്കറ്റ്

കാസർഗോഡ്

അടയ്ക്ക (പഴയത്)	35000-38000
അടയ്ക്ക (പുതിയത്)	34000

കാഞ്ഞങ്ങാട്

റബർ (ഗ്രേഡ്)	19800
റബർ (ലോട്ട്)	17500
ഒട്ടുപാൽ	12000
അടയ്ക്ക(പുതിയത്)	35000
കുരുമുളക്	65000
കൊപ്ര	8500

വെള്ളരിക്കുണ്ട്

റബർ (ഗ്രേഡ്)	20200
റബർ (ലോട്ട്)	18500
ഒട്ടുപാൽ	12000
അടയ്ക്ക	34000-38000
കുരുമുളക്	65000
തേങ്ങ	2850

ചെറുപുഴ

റബർ ഗ്രേഡ്	20300
റബർ ലോട്ട്	18500
ഒട്ടുപാൽ	12300
അടയ്ക്ക	33000
കുരുമുളക്	64000
തേങ്ങ	2800
കൊപ്ര	7500

പുളിങ്ങോം

റബർ ഗ്രേഡ്	20250
റബർ ലോട്ട്	17500
ഒട്ടുപാൽ	12500
അടയ്ക്ക	33000
കുരുമുളക്	63000
തേങ്ങ	2800
കൊപ്ര	7800

പടന്നക്കാട്ടെ സർവീസ് റോഡിൽ ഓട്ടോതൊഴിലാളികൾ വാഴ നട്ട് പ്രതിഷേധിക്കുന്നു.

റോഡിൽ വാഴനട്ട് പ്രതിഷേധിച്ചു

പടന്നക്കാട്: പടന്നക്കാട് ടൗണിൽ നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് പോകുന്ന രണ്ടു പ്രധാനപ്പെട്ട സർവീസ് റോഡുകൾ പൂർണമായും തകർന്നു തരിപ്പണമായി മാസങ്ങൾ പിന്നിട്ടിട്ടും ഗതാഗതയോഗ്യമാക്കാത്തതിൽ പ്രതിഷേധിച്ച് സംയുക്ത തൊഴിലാളി യൂണിയന്റെ ആഭിമുഖ്യത്തിൽ റോഡിൽ വാഴനട്ട് പ്രതിഷേധിച്ചു.

ബാബു മരക്കാപ്പ്, ഖാലിദ്, ഒ.വി.വേണു, രഘു, രതീഷ്, അനീഷ്, ഇർഷാദ്, ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

ഇന്നത്തെ സിനിമ

കാസർഗോഡ്

മൂവിമാക്സ് സർക്കിൾ

മഹാരാജാ (തമിഴ്, 10.30, 1.30, 7.30, 10.30) ഉള്ളൊഴുക്ക് (1.30, 7.30, 10.30) നടന്ന സംഭവം (1.30, 7.30, 10.30) സ്വർഗത്തിലെ കട്ടുറുമ്പ് (10.30, 4.30) ടർബോ (10.30) തലവൻ (4.30) ഡിഎൻഎ (4.30)

സിനികൃഷ്ണ

ആരട (കന്നട, 10.30, 4.30, 7.30) തുപ്പാക്കി (തമിഴ്, 1.30, 7.30) മോണിക്ക: ഒരു എഐ സ്റ്റോറി (1.30)

മെഹബൂബ് കോംപ്ലക്സ്

ഗഗനചാരി (10.30, 1.30, 4.30, 7.30, 10.30) മഹാരാജാ (തമിഴ്, 1.30, 4.30, 7.30) ഗോളം (1.30, 4.30) ഗുരുവായൂരമ്പലനടയിൽ (4.30, 7.30) മന്ദാകിനി (7.30)

കർമംതൊടി

കാവേരി സിനിമാസ്

മഹാരാജ (തമിഴ്, 1.30, 7.30, 10.30)സ്വർഗത്തിലെ കട്ടുറുമ്പ് (4.30, 7.30, 10.30)ആരട (കന്നട, 10.30)തലവൻ (1.30)

കാഞ്ഞങ്ങാട്

വിജിഎം മൾട്ടിപ്ലക്സ്

നടന്ന സംഭവം (10.30, 2.30, 5.30, 8.15) ഉള്ളൊഴുക്ക് (10.30, 3.00, 5.30, 8.00) ഗ്ർർ (12.45, 5.30, 8.00) തലവൻ (10.30, 3.00) ലിറ്റിൽ ഹാർട്ട്സ് (12.40)

വിനായക കോംപ്ലക്സ്

തുപ്പാക്കി (തമിഴ്, 10.30, 2.30) പോക്കിരി (തമിഴ്, 2.15, 5.15) ഗഗനചാരി (5.30, 8.00) മന്ദാകിനി (5.30, 8.00) ടർബോ (8.15)

ദീപ്തി സിനിമാസ്

മഹാരാജാ (തമിഴ്, 10.30, 2.30, 5.30, 8.15) ഗോളം (2.30, 8.15) ടർബോ (10.45,2.30)

ചെറുവത്തൂർ

പാക്കനാർ സിനിമാസ്

ഗുരുവായൂരമ്പലനടയിൽ (1.30, 7.30, 10.30) മന്ദാകിനി (10.30, 4.30)

താലൂക്ക് ആശുപത്രിയിൽ പ്രസവവാർഡ് ഒരുക്കണമെന്ന് പരപ്പ ബ്ലോക്ക് പഞ്ചായത്ത്

പരപ്പ: പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ പ്രസവ വാർഡും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രമേയം. മലയോര മേഖലയായ പരപ്പ ബ്ലോക്ക് പഞ്ചായത്തിലെ നിലവിലെ ഗവ. താലൂക്ക് ആശുപത്രിയിൽ പ്രസവ വാർഡും അനുബന്ധ സംവിധാനവും ഇല്ലാത്തത് ജനകീയ ആരോഗ്യ രംഗത്ത് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

പരപ്പ ബ്ലോക്ക് പരിധിയിലെ ആകെ ജനസംഖ്യയിൽ 20 ശതമാനം പട്ടികവർഗ ജനവിഭാഗവും ബാക്കി ഇടത്തരം കർഷകരും കർഷക തൊഴിലാളികളുമായ വളരെ വരുമാനം കുറഞ്ഞ ജനവിഭാഗമാണ്.

പൊതുജന ആരോഗ്യ രംഗത്ത് അത്യന്താപേക്ഷിതമായ പ്രസവ ചികിത്സാ സംവിധാനങ്ങൾ മലയോര ജനതയ്ക്ക് ലഭ്യമാകേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക അധികാര പരിധിക്ക് അപ്പുറം ആയതിനാൽ പ്രാദേശികമായ ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കഴിയുകയില്ല.

വർഷത്തിൽ 1400 ൽ അധികം പ്രസവ കേസുകളാണ് പൊതുവിൽ ബ്ലോക്കിനകത്ത് റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ 40 കിലോമീറ്ററിലധികം ദൂരെയാണ് ഇത്രയധികം സംവിധാനങ്ങൾ ഉള്ള ഇത്തരം ആശുപത്രികൾ ഉള്ളത്. ഇത്ര ദൂരം യാത്ര ചെയ്ത് സാധാരണ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നത് ജനങ്ങൾക്ക് വൻ സാമ്പത്തികബാധ്യതയും ആരോഗ്യപരമായ ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നു.

അതിനാൽ നിലവിലുള്ള ഗവ. താലൂക്ക് ആശുപത്രിയിൽ ഓപ്പറേഷൻ തീയേറ്ററും പ്രസവവാർഡും അടക്കമുള്ള മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തി അതിനാവശ്യമായ ജീവനക്കാരെ കൂടി അനുവദിക്കണമെന്ന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി പ്രമേയത്തിലൂടെ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

റെയിൽവേ ഗേറ്റ് അടച്ചിടും

കാഞ്ഞങ്ങാട്: റെയിൽവേ ട്രാക്കിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ 29നു രാവിലെ ഒമ്പതു മതൽ ഉച്ചയ്ക്കു രണ്ടുവരെ കുശാൽനഗർ റെയിൽവേ ഗേറ്റ് അടച്ചിടുമെന്ന് ദക്ഷിണ റെയിൽവേ സീനിയർ സെക്ഷൻ എൻജിനിയർ അറിയിച്ചു.

സെക്യൂരിറ്റി ഗാർഡ് ഒഴിവ്

ബോവിക്കാനം: സഹജീവനം സ്നേഹഗ്രാമത്തിൽ സെക്യൂരിറ്റി ഗാർഡിനെ നിയമിക്കുന്നു. 18നും 46നും മധ്യേ പ്രായമുള്ള പത്താംതരം പാസായ പുരുഷന്മാർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ 27ന് ഉച്ചയ്ക്കു 12ന് മുളിയാർ സഹജീവനം സ്നേഹഗ്രാമത്തിൽ കൂടികാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ: 04994 255074, 9847957294.

SOUTH INDIAN Bank
റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പ്പക്കാർ: **(1) ശ്രീ. അബ്ദുൾ സത്താർ ഡി.എം.,** ദിഡുപ്പ ഹൗസ്, ബെവിഞ്ഞെ, തെക്കിൽ ഫെറി പി.ഒ, കാസർഗോഡ്, കേരളം 671541 **(2) ശ്രീമതി ജുമൈല പി.എച്ച്,** ദിഡുപ്പ ഹൗസ്, ബെവിഞ്ഞെ, തെക്കിൽ ഫെറി പി.ഒ, കാസർഗോഡ്, കേരളം - 671541.

താഴെ പറയുന്ന വസ്തുവഹകൾ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ **ചെർക്കള ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ചെർക്കള ബ്രാഞ്ചിന് (സെക്യൂർഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 23.06.2024ന് കിട്ടുവാനുള്ള തുകയായ **27,54,273.52 (ഇരുപത്തിയേഴ് ലക്ഷത്തി അൻപത്തിനാലായിരത്തി ഇരുനൂറ്റി എഴുപത്തിമൂന്ന് രൂപ അമ്പത്തിരണ്ട് പൈസ മാത്രം)** തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **20.07.2024ന്** ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

വസ്തു ഉടമയുടെ പേര്: ശ്രീ. അബ്ദുൾ സത്താർ ഡി.എം., **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ല കാസർഗോഡ് താലൂക്ക് ബേള വില്ലേജ് റീസർവ്വ നം. 644 2പിടി1, പുതിയ സർവ്വ നം. 644/2പിടി26 ബദിയടുക്ക എസ്. ആർ.ഒ യിൽ 29.04.2019-ന് രജിസ്റ്റർ ചെയ്ത 1661/2019 ജന്മം വിൽപ്പനആധാരപ്രകാരം ശ്രീ. അബ്ദുൾ സത്താർ ഡി.എം. ഉടമസ്ഥതയിൽ പുരോഗതിയോട് കൂടിയ മുഴു വനും ഭാഗികവുമായ എല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്ത ലുകളും അനുമതികളും അടക്കം 20.23 ആർസ് സ്ഥലം. **അതിർത്തികൾ:** വടക്ക്: റോഡ്, കിഴക്ക്: മലിംഗ മണിയാനിയുടെ സ്ഥലം, തെക്ക്: ഷാഫി ഇ യുടെ സ്ഥലം, പടിഞ്ഞാറ്: റോഡ്.

കരുതൽ വില: **27,00,000 രൂപ (ഇരുപത്തിയേഴ് ലക്ഷം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **2,70,000 രൂപ (രണ്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം)** (EMD 19.07.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **20.07.2024ന് രാവിലെ 10 മുതൽ 11 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം 01.01.2004 മുതൽ 29-12-2023 വരെ, ബാധ്യതകൾ ഒന്നും തന്നെ ഇല്ല

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. **www. southindianbank.com** വിശദാംശങ്ങൾ **https://bankauctions.in** ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അധികാരപ്പെടുത്തിയ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. (ഫോൺ: **0497 2713234/2713235**) അല്ലെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് ബ്രാഞ്ച് ചെർക്കള **04994 284800,** സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് റീജിയണൽ ഓഫീസ് കണ്ണൂരുമായി **8848659770** എന്ന നമ്പറിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.
കണ്ണൂർ 24.06.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്
C2406-534186